പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3406

19/10/2016-ൽ മറുപടിയ്ക്ക്

**ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എൽ ദോസ് കുന്നപ്പിള്ളി<br>ശ്രീ.ഹൈബി ഈഡൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷീര സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) ക്ഷീര സഹകരണ സംഘങ്ങൾ സഹകരണ നിയമവും ചട്ടവും അനുസരിച്ച് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു. സംഘങ്ങളിൽ AMC യൂണിറ്റുകൾ സ്ഥാപിച്ച് പാൽ സംഭരണം, വിതരണം, പാലിന്റെ ഗുണമേന്മ എന്നിവയുടെ സുതാര്യത ഉറപ്പുവരുത്തുന്നു.<br>ക്ഷീരസംഘങ്ങളിൽ പരിശോധന കൃത്യമായി നടത്തുകയും സംഘം പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നു. നിർജീവമായ സംഘങ്ങളെ പുനരുദ്ധരിക്കുകയും പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.<br>ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണത്തിനും,ഓട്ടോമേഷനും ഉള്ള 19.50 കോടി രൂപയുടെ പദ്ധതി 2016-17 വർഷത്തിൽ നടപ്പിലാക്കുന്നതാണ്. |
| (ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത് ;വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) പ്രാഥമിക ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണമേന്മ എല്ലാ ദിവസവും പരിശോധിച്ചതിനു ശേഷം ഗുണമേന്മയുടെ അടിസ്ഥാനത്തിലാണ് പാൽവില നിശ്ചയിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നത്. ഇതിനായി മിൽക്ക് അനലൈസർ ഉൾപ്പെടെയുള്ള ആധുനിക പരിശോധന സൗകര്യങ്ങൾ ക്ഷീരസംഘങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ക്ഷീര സംഘം ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സെക്ഷൻ 80 പ്രകാരം സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ട്. |

(സി) എന്തെല്ലാം പുതിയ പദ്ധതികളാണ് ഈ ലക്ഷ്യം കൈവരിക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(സി) ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ക്ഷീരസഹകരണ സംഘങ്ങളിലും ആട്ടോമേഷൻ നടപ്പിലാക്കുന്നതിന് നടപടി ആലോചിച്ചുവരുന്നു. പ്രാഥമിക സംഘംപ്രവർത്തനം F.S.S.A (Food Safety and Standard Act) നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടിയെടുക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.